"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - തൃശ്ശൂർ നഗരസഭാ സെക്രട്ടറി ശ്രീ.പി.രാധാകൃഷ്ണനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിന്മേൽ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.1172/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/06/2020

---

പരാമർശം:- 1 24.08.2019 തീയതിയിലെ സ.ഉ.(സാധാ.) നം. 1827/2019/ത.സ്വ.ഭ.വ.

2 ശ്രീ.പി.രാധാകൃഷ്ണന് സമർപ്പിച്ച09.03.2020 തീയതിയിലെ അപ്പീൽ അപേക്ഷ.

3 നഗരകാര്യ ഡയറക്ടറുടെ 04.05.2020 തീയതിയിലെ വി3-14375/2017 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഗുരുവായൂർ നഗരസഭയിൽ ചീഫ് ടൗൺ പ്ലാനർ വിജിലൻസ് 04.03.2015 മുതൽ 13.03.2015 വരെ നടത്തിയ പരിശോധനയിൽ ശ്രീമതി.ലക്ഷ്മി, ശ്രീമതി മാലതിയമ്മ, ശ്രീ പ്രകാശ് നമ്പീശൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഇരിങ്ങപ്പുറം വില്ലേജിലെ 167/1, 2, 3 സർവ്വെ നമ്പറിൽ പണി കഴിപ്പിച്ചിട്ടുള്ള G + 4 ഫ്ലാറ്റിൽ കേരള മുനിസിപ്പാലിറ്റീസ് ബിൽഡിംഗ് റൂൾ 4(2), 8 (1), 39(2), 42 (4) എന്നീ ചട്ടങ്ങളിൽ ലംഘനമുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ പി. രാധാകൃഷ്ണനെതിരെ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം ഒന്ന് പ്രകാരം ഔദ്യോഗിക കാര്യങ്ങളിൽ കൂടുതൽ ജാഗ്രതയും ആത്മാർത്ഥതയും സത്യസന്ധതയും പുലർത്തണമെന്ന് താക്കീത് നല്കി തീർപ്പാക്കിയിരുന്നു.

2. ഗുരുവായൂർ നഗരസഭയിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നഗരസഭാ സെക്രട്ടറിയായി ശ്രീ.പി.രാധാകൃഷ്ണൻ 28.11.2011 മുതൽ 16.06.2012 അപരാഹ്നം വരെയുള്ള കാലയളവിലാണ് മുനിസിപ്പൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നത് എന്നും, അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ടിയാൻ 28.12.2011 അപരാഹ്നം മുതൽ 10.01.2012 വരെ ഓൺഡ്യൂട്ടി, ജയ്പൂർ APGDUM Contact Session OD എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നതായും, നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ പി. രാധാകൃഷ്ണൻ ആസ്ഥാനം വിടുന്നതായുള്ള നോട്ട് ഫയൽ പരിശോധിച്ചതിൽ ടി കാലയളവിലെ സെക്രട്ടറിയുടെ പൂർണ്ണ ഔദ്യോഗിക ചുമതല മുനിസിപ്പൽ എഞ്ചിനീയറായ ശ്രീ കെ.എസ്. ബാലന് നൽകിയിട്ടുള്ളതായി പ്രസ്തുത ഫയലിൽ 29.12.2011 ന് രേഖപ്പെടുത്തിയതായി കാണുന്നുവെന്നും ഗുരുവായൂർ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. 15.06.2011-ലെ ജി.ഒ (ആർ.ടി) നം. 1418/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമാണ് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.രാധാകൃഷ്ണന് സംസ്ഥാനത്തിന് പുറത്ത് പോകുന്നതിന് അനുമതി നൽകിയിട്ടുള്ളത്.

4. പ്രസ്തുത നിർമ്മാണത്തിന് 17/08/2011ന് ബിൽഡിംഗ് പെർമിറ്റ് നൽകിയത് അന്നത്തെ നഗരസഭാ സെക്രട്ടറി ശ്രീ.പി.കെ.രാധാമോഹൻ ആണെന്നും തുടർന്ന് 10/01/2012ൽ റിവൈസ്ഡ് ബിൽഡിംഗ് പെർമിറ്റ്

നൽകിയ സമയത്ത് ടിയാൻ നഗരസഭാസെക്രട്ടറിയുടെ ചുമതലയിൽ ഇല്ലായിരുന്നുവെന്നും 28.12.2011 അപരാഹ്നം മുതൽ 10.01.2012 വരെ ജയ്പൂർ APGDUM കോൺടാക്റ്റ് സെഷനിൽ പങ്കെടുത്തിരുന്നതായും അന്ന് സെക്രട്ടറിയുടെ ചുമതല ഉണ്ടായിരുന്ന മുനിസിപ്പൽ എഞ്ചിനീയർ ശ്രീ.ബാലൻ ആണ് റിവൈസ്ഡ് ബിൽഡിംഗ് പെർമിറ്റ് നൽകിയതെന്നും ശ്രീ.പി.രാധാകൃഷ്ണൻ പരാമർശം രണ്ട് പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ പരാമർശം ഒന്നിലെ ഉത്തരവ് പുന:പരിശോധിക്കണമെന്നും ടിയാൻ അപേക്ഷിച്ചു.

5. പ്രസ്തുത ക്രമക്കേട് ആരോപിക്കുന്ന കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റും റിവൈസ്ഡ് പെർമിറ്റും നല്കിയത് ശ്രീ.പി. രാധാകൃഷ്ണൻ അല്ലെന്നും ടിയാനെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടിയാന്റെ അപ്പീൽ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും നഗര കാര്യ ഡയറക്ടർ പരാമർശം മൂന്ന് പ്രകാരം ശുപാർശ ചെയ്തു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.രാധാകൃഷ്ണന്റെ അപ്പീൽ അപേക്ഷയും നഗര കാര്യ ഡയറക്ടറുടെ ശുപാർശയും കണക്കിലെടുത്ത് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയ പരാമർശം ഒന്നിലെ ഉത്തരവ് റദ്ദാക്കിയും ടിയാനെ ശിക്ഷാ നടപടിയിൽ നിന്നും ഒഴിവാക്കിയും ഉത്തരവാകുന്നു. അപ്രകാരം ശ്രീ.പി.രാധാകൃഷ്ണന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്:-**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.

ശ്രീ.പി.രാധാകൃഷ്ണൻ, സെക്രട്ടറി, തൃശ്ശൂർ നഗരസഭ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ